പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.282

22.02.2016 ലെ മറുപടിയ്ക്ക്

**ഇൻകം ഗ്യാരണ്ടി സ്കീമിന്റെ നടപ്പാക്കൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.പി.ഉബൈദുള്ള | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട നാമമാത്ര കർഷകർക്ക് ആശ്വാസം നൽകുന്നതിന് ആവിഷ്കരിച്ച "ഇൻകം ഗ്യാരണ്ടി സ്കീമിന്റെ" നടപ്പാക്കൽ സംബന്ധിച്ച വിശദവിവരം നൽകാമോ ; | (എ) 2014-15 - ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച "ഇൻകം ഗ്യാരണ്ടി സ്കീം" നടപ്പാക്കിയിട്ടില്ല. |
| (ബി) ചെറുകിട നാമമാത്ര കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില അവർക്ക് ആദായകരമായ നിലവാരത്തിൽ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) ചെറുകിട നാമമാത്ര കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില അവർക്ക് ആദായകരമായ നിലവാരത്തിൽ നിലനിർത്താൻ കൃഷി വകുപ്പ് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>ഉല്പന്നങ്ങൾക്ക് വിലയിടിവ് നേരിടുന്ന കർഷകരെ സഹായിക്കുന്നതിന് 'വില സ്ഥിരതയുള്ള വിപണി ഇടപെടൽ' പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൻ പ്രകാരം പച്ചക്കറി, നാളീകേരം, റബ്ബർ എന്നീ കാർഷികോല്പന്നങ്ങൾക്ക് വിലത്തകർച്ച ഉണ്ടാകുന്ന സമയങ്ങളിൽ സർക്കാർ ഏജൻസികൾ മുഖേന സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കർഷകരിൽ നിന്നും നേരിട്ട് ഉല്പന്നങ്ങൾ സംഭരിച്ച് സംസ്കരണവും വിപണനവും നടത്തി കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു. ഓണം പോലെയുള്ള ഉത്സവ കാലങ്ങളിലാണ് ഈ പദ്ധതി കൂടുതൽ നടപ്പിലാക്കുന്നത്. ഇതുവഴി കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതോടൊപ്പം ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് കാർഷികോല്പന്നങ്ങൾ ലഭ്യമാകുന്നു. കൃഷി വകുപ്പിനു കീഴിലുള്ള ആറ് മൊത്ത വ്യാപാര വിപണിയും അഞ്ച് ജില്ലാതല സംഭരണ കേന്ദ്രങ്ങളും മുഖേനയുള്ള കാർഷികോല്പന്ന സംഭരണവും അവയുടെ ലേലത്തിലൂടെയുള്ള വിപണനവും വഴി കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളുടെ വിലനിലവാരം അവർക്ക് ആദായകരമായ രീതിയിൽ നിലനിർത്തുന്നതിന് കഴിയുന്നുണ്ട്. തെരഞ്ഞെടുത്ത കൃഷിഭവൻ വഴി നടപ്പിലാക്കി വരുന്ന പച്ചത്തേങ്ങ സംഭരണവും ടി ഉല്പന്നത്തിന് കർഷകർക്ക് ആദായകരമായ വില ഉറപ്പാക്കുവാൻ സഹായിക്കുന്നുണ്ട്. |
| (സി) ഇവർക്കായി പ്രഖ്യാപിച്ച ഇൻഷ്വറൻസ് സ്കീമിന്റെ വിവരം വെളിപ്പെടുത്തുമോ; എന്തു തുക ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്; എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട് ? | (സി) കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗ്യാരന്റിയും വിലനിർണ്ണയാവകാശവും ഉറപ്പാക്കുന്ന ഒരു പദ്ധതി 2014-15- ലെ ബജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**